ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കാലതാമസം കുറയ്ക്കുന്നതിനു താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സമാനതസ്തികകളുടെ യോഗ്യത ഏകീകരിച്ച് ഒരു പൊതു പരീക്ഷയിലൂടെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് വിശദപഠനം നടത്തി ശുപാർശകൾ സമർപ്പിക്കാൻ ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. പരിമിതമായ തോതിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കോഴിക്കോട്ടും എറണാകുളത്തും ഓരോ റീജിയണൽ ആഫീസുകൾ പ്രവർത്തനമാരംഭിച്ചു. ജോലിഭാരം കുറയ്ക്കുന്നതിനായി വിവിധ തലങ്ങളിൽ 100 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

29 [1134] ശ്രീ. ജോർജ്ജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. ക്ലാർക്കുമാരെ തെരഞ്ഞെടുക്കുന്നതിനായി പാലക്കാട് ജില്ലാ പി. എസ്. സി. ഓഫീസ് തയ്യാറാക്കിയിട്ടുള്ള എൽ. ഡി. സി. റാങ്ക് ലിസ്റ്റിൽ എത്രപേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ജില്ലയിൽ വിവിധ വകുപ്പുകളിലായി എൽ. ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളെല്ലാം പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1716 പേർ.

(ബി) 235 പേർക്ക്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

വികലാംഗരായ ഉദ്യോഗാർത്ഥികളുടെ നിയമനം

30 [1139] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വികലാംഗർക്ക് പാലക്കാട് ജില്ലയിൽ അർഹമായ പരിഗണന ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർക്ക് നിയമനകാര്യത്തിൽ അർഹമായ പരിഗണന നൽകാൻ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ, ബി) വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതിനു പകരമായി വർഷംതോറും 153 വികലാംഗരെ വീതം സർക്കാർ സർവ്വീസിൽ നേരിട്ട് നിയമിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയനുസരിച്ച് സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ് ഗ്രേഡ് സർവ്വീസ്, പാർട്ട്ടൈം കണ്ടിജൻറ് സർവ്വീസ് എന്നീ സർവ്വീസുകളിൽ ഓരോന്നിലും 51 വികലാംഗരെ വീതം നിയമിക്കുന്നതാണ്. ജില്ലാടിസ്ഥാനത്തിലാണ് നിയമനങ്ങൾ നടത്തുന്നത്. വിവിധ ജില്ലകളിൽ ഓരോ വർഷവും നടത്തേണ്ട നിയമനങ്ങൾ എത്രയാണെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വികലാംഗരുടെ ലിസ്റ്റിൽ നിന്നും നിയമനത്തിനായി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും വർഷം മുഴുവൻ തസ്തികകളിലും നിയമനം നടത്താൻ കഴിയുന്നില്ലെങ്കിൽ ആ തസ്തിക കൾക്കുകൂടി പിന്നീടുള്ള വർഷങ്ങളിൽ നിയമനം നടത്തണമെന്നും വ്യവസ്ഥയുണ്ട്.

(സി, ഡി) ഈ പദ്ധതിയനുസരിച്ച് 1992 വരെയുള്ള നിയമനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 1993 മുതലുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

മലയാളം പ്രൈമറി അദ്ധ്യാപക പരീക്ഷയിലെ അപാകതകൾ

31 [1140] ശ്രീ. ഇ. എം. അഗസ്തി:

,, എൻ രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 ജൂലൈ 12-ാം തീയതി മലയാളം മീഡിയം പ്രൈമറി സ്കൂൾ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ അഭിരുചി നിർണ്ണയ പരീക്ഷയിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഉദ്യോഗാർത്ഥികളുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുമ്പോൾ ടി. ടി. സി.-ക്കാർ അവഗണിക്കപ്പെടുമെന്നുള്ളത് കണക്കിലെടുത്ത് ടി. ടി. സി.-ക്കാർക്ക് ഈ റാങ്ക് ലിസ്റ്റിൽ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly